K17U 1619

Reg. No.: ...............................

Name : ...............................

GOVT. BRENNEN COLLEGE
DEPT. LIBRARY
TELLICHERRY

## V Semester B.A. Degree (CBCSS – Reg./Supple./Imp.) Examination, November 2017
## (2014 Admn. Onwards)
## CORE COURSE IN MALAYALAM
## 5B08 MAL : നോവൽ സാഹിത്യം

Time : 3 Hours Max. Marks : 40

I. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ദമിത ജീവിതത്തിന്റെ സ്വത്വപ്രതിസന്ധികൾ ചൂണ്ടിക്കാട്ടുന്ന രചനയാണ് 'തോട്ടിയുടെ മകൻ' – പരിശോധിക്കുക.

2) ഒരു പുരാണകഥ എന്നതിലുപരി പച്ചയായ മനുഷ്യന്റെ കഥയാണ് 'രണ്ടാമൂഴം' – വിലയിരുത്തുക.

3) സി. വി.യുടെ ആഖ്യാനത്തിന്റെ സവിശേഷതകൾ മാർത്താണ്ഡവർമ്മയെ മുൻനിർത്തി വിവരിക്കുക.

4) വർത്തമാനകാലത്തിന്റെ ഇതിഹാസമാണ് 'തീയൂർ രേഖകൾ' – ചർച്ച ചെയ്യുക.

(2×7=14)

II. നൂറ്റമ്പതു വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ നിന്നും നാലെണ്ണത്തിന് ഉത്തരമെഴുതുക.

5) ലളിതാംബികാ അന്തർജ്ജനം 'അഗ്നിസാക്ഷി'യിലൂടെ അവതരിപ്പിക്കുന്ന ജീവിതബോധം വിശദമാക്കുക.

6) 'തട്ടകം' എന്ന നോവലിന്റെ മുന്നൊരുക്കമായി കാണാവുന്ന ചരിത്രപരത 'തോറ്റങ്ങളി'ലുണ്ട് – പരിശോധിക്കുക.

7) കുറവുകൾ മറയ്ക്കാൻ വേണ്ടി ആളുകൾ തങ്ങളുടെ പോയകാല പ്രതാപത്തെക്കുറിച്ച് ഊറ്റം കൊള്ളുന്നതിനെ കളിയാക്കാനായാണ് ബഷീർ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന പേരിലൂടെ ശ്രമിക്കുന്നത്. – നിരീക്ഷിക്കുക.

P.T.O.

8) സമകാലിക മലയാളനോവലുകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

9) 'ശാരദ' പൂർത്തിയാക്കാൻ ചന്തുമേനോന് കഴിഞ്ഞിരുന്നുവെങ്കിൽ മലയാള നോവലിനെ അതെത്രത്തോളം പരിപുഷ്ടമാക്കുമായിരുന്നു ? – ഉപന്യസിക്കുക.

10) കൃഷ്ണദ്വൈപായനൻ വായനക്കാർക്കായി വിട്ടിട്ടു പോയ ദീർഘമായ ചില മൗനങ്ങൾക്ക് ഉത്തരം കണ്ടെത്തുകമാത്രമായിരുന്നു 'രണ്ടാമൂഴ'ത്തിലൂടെ എം. ടി. ചെയ്തത് – വിശദീകരിക്കുക. **(4×3=12)**

III. നൂറ് വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ നിന്നും **നാലെണ്ണത്തിന്** കുറിപ്പെഴുതുക.

11) 'തീയൂർ രേഖകളി'ൽ എൻ. പ്രഭാകരൻ ആവിഷ്കരിക്കുന്ന ജീവിതാവസ്ഥയെന്ത് ?

12) 'ശാരദയി'ലെ, നമ്പൂതിരിയെ വിഷം കൊടുത്തു കൊല്ലുന്ന കഥ പുനരാഖ്യാനം ചെയ്യുക.

13) 'തോട്ടീടെ മോനല്യോ. പറഞ്ഞാല് മനസ്സിലാകത്തില്ലെന്നും പറഞ്ഞ് തല്ലി'' ഈ വാക്കുകളിൽ സ്ഫുരിക്കുന്ന സാമൂഹിക ബോധമെന്ത് ?

14) 'മാർത്താണ്ഡവർമ്മ'യിലെ അനന്തപത്മനാഭൻ ഒരതിമാനുഷനാണ്. ശരിയോ ? വിശദീകരിക്കുക.

15) മഹാഭാരതത്തെ തികച്ചും വ്യത്യസ്തമായി വ്യാഖ്യാനിക്കുകയാണ് എം. ടി. രണ്ടാമൂഴത്തിൽ – പരിശോധിക്കുക.

16) ''ഈ വയസ്സിനിടയ്ക്ക് നിന്നെപ്പോലൊരു പെണ്ണിനെ ഞാൻ കണ്ടിട്ടില്ല ! അത്ഭുതകരമായ പ്രവൃത്തി... എന്താ കുരുവിയുടെ പേര് ? '' – സന്ദർഭമേത് ? **(4×2=8)**

IV. താഴെ കൊടുത്തിരിക്കുന്ന **എട്ട്** ചോദ്യങ്ങളിൽ **ആറെണ്ണത്തിന് ഒറ്റ**വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

17) സി. വി. രാമൻപിള്ള എഴുതിയ സാമൂഹ്യ നോവൽ ഏത് ?

18) നിസാർ അഹമ്മദിന്റെ പെങ്ങളുടെ പേരെന്ത് ?

19) 'സ്ലെയർസ്ലെയിൻ' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആര് ?

20) 'പുലിമറഞ്ഞ തൊണ്ടച്ചനെ' ആധാരമാക്കി എൻ. പ്രഭാകരൻ രചിച്ച നാടകമേത് ?

21) എം. ടി. വാസുദേവൻ നായർ എൻ. പി. മുഹമ്മദുമായി ചേർന്നെഴുതിയ നോവലേത് ?

22) കേരളത്തിലെ വാൾട്ടർ സ്കോട്ട് എന്നറിയപ്പെടുന്നതാരെ ?

23) കയർ എന്ന നോവൽ എഴുതിയതാര് ?

24) തട്ടകം എന്ന നോവൽ എഴുതിയതാര് ? **(6×1=6)**